**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5026** **04-07-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയെ അന്തർദേശീയ തലത്തിൽ അവതരിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര മേഖലയുടെ സാധ്യതകളും പ്രത്യേകതകളും ദേശീയ-അന്തർദേശീയ തലത്തിൽ അവതരിപ്പിക്കുന്നതിനും പ്രചാരണം നടത്തുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ആഗോള ടൂറിസം രംഗത്ത് കേരളം ഒരു ബ്രാൻഡായി അവതരിപ്പിക്കുന്നതിനും വിനോദസഞ്ചാര മേഖലയുടെ സാധ്യതകളും പ്രത്യേകതകളും വിദേശ സഞ്ചാരികളിലേക്ക് എത്തിക്കുന്നതിനുമായി ദുബായ്, റഷ്യ, ഇംഗ്ലണ്ട്, സ്പെയിൻ, ജർമ്മനി എന്നീ രാജ്യങ്ങളിൽ സംഘടിപ്പിച്ച ATM Dubai, OTDYK Leisure Moscow, WTM London, FITUR Madrid, ITB Berlin തുടങ്ങിയ അന്താരാഷ്ട്ര മേളകളിൽ വിനോദസഞ്ചാര വകുപ്പ് 2023 വർഷം പങ്കെടുത്തിട്ടുണ്ട്. ഇതോടൊപ്പം കേരള ടൂറിസത്തിലെ സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് മിഡിൽ ഈസ്റ്റ് നഗരങ്ങളായ Riyad, Damam, Muscat യൂറോപ്യൻ നഗരങ്ങളായ Hamburg, Berlin, Barcelona, Milan, Paris, London, Prague, Vienna റഷ്യൻ നഗരങ്ങളായ Moscow, St. Petersburg തുടങ്ങിയ അന്താരാഷ്ട്ര നഗരങ്ങളിൽ വിനോദസഞ്ചാര വകുപ്പ് B2B Meets സംഘടിപ്പിച്ചിട്ടുണ്ട്. അന്താരാഷ്ട്ര മേളകളിലെ കേരള ടൂറിസത്തിന്റെ സ്ഥിരസാന്നിദ്ധ്യം ഈ രാജ്യങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് വഴിയൊരുക്കിയിട്ടുണ്ട്.<br><br>ആഭ്യന്തര/വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി വിവിധ പ്രചരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി റേഡിയോ, ടി.വി, അച്ചടി മാധ്യമങ്ങൾ, ഒ.ടി.ടി. പ്ലാറ്റ്ഫോം, സിനിമ ഹാൾ തുടങ്ങിയ മാധ്യമങ്ങളിലൂടെ പ്രചാരണം നടത്തി വരുന്നു. കൂടാതെ മിഡിൽ ഈസ്റ്റിൽ നിന്നുള്ള സഞ്ചാരികളെ ആകർഷിക്കുന്നതിനായി എയർപോർട്ട്, ടെലിവിഷൻ, ഡിജിറ്റൽ വെബ് പോർട്ടൽ തുടങ്ങിയ മാധ്യമങ്ങളിലൂടെയും പ്രചാരണം നടത്തിവരുന്നു. |

| | | | |
|---|---|---|---|
| | | | വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി ഓൺലൈൻ നവമാധ്യമങ്ങളായ Facebook, Instagram, Twitter, Youtube, Google Ads, Google RCS തുടങ്ങിയവയിലൂടെ ഡൊമെസ്റ്റിക് സമ്മർ ഹോളിഡെ കാമ്പയിൻ എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നവ മാധ്യമങ്ങളായ Facebook, Instagram, Twitter, Youtube, Google Ads എന്നിവ മുഖേന മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുള്ള നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു |
| (ബി) | ലോകത്തിലെ ഏറ്റവും വലിയ വിനോദസഞ്ചാര മേളയായ സ്പെയിനിലെ ഫിട്ടൂർ മേളയിൽ സംസ്ഥാന ടൂറിസം രംഗത്തെ അവതരിപ്പിക്കുവാൻ കഴിഞ്ഞിരുന്നോ; വിശദമാക്കാമോ; | (ബി) | അന്താരാഷ്ട്ര വിനോദസഞ്ചാര മേളയായ FITUR Madrid-ൽ ഒരു പതിറ്റാണ്ടിലേറെയായി വിനോദസഞ്ചാര വകുപ്പ് പങ്കെടുത്തുവരുന്നു. 2024-ൽ ജനുവരി 24 മുതൽ 28 വരെ സംഘടിപ്പിച്ച ടി മേളയിൽ "കെട്ടുകാഴ്ച" Festival of Pagodas എന്ന തീമിനെ അടിസ്ഥാനമാക്കി സജ്ജീകരിച്ച കേരള പവലിയൻ ഒട്ടേറെ സന്ദർശകരെ ആകർഷിച്ചിട്ടുണ്ട്. |
| (സി) | അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന തരത്തിൽ വിനോദസഞ്ചാര മേഖലയ്ക്ക് ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (സി) | നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചിക 2020-21 ൽ കേരളത്തിന് ഒന്നാം സ്ഥാനം.<br><br>ന്യൂയോർക്ക് ടൈംസിന്റെ നിർബന്ധമായും കണ്ടിരിക്കേണ്ട ടൂറിസം കേന്ദ്രങ്ങളുടെ പട്ടികയിൽ രാജ്യത്തുനിന്നും ഇടം നേടിയ ഏക ടൂറിസം കേന്ദ്രം - കേരളം<br><br>ടൈം മാഗസിന്റെ നിർബന്ധമായും കണ്ടിരിക്കേണ്ട ടൂറിസം കേന്ദ്രങ്ങളുടെ പട്ടികയിൽ കേരളം ഇടം നേടി.<br><br>WTM ലണ്ടൻ 2021-ൽ അയ്മനം, മാതൃകാ ഉത്തരവാദിത്ത ഗ്രാമം ആഗോള ട്രാവൽ മാർക്കറ്റ് അവാർഡ് കരസ്ഥമാക്കി.<br><br>WTM ലണ്ടൻ 2022-ൽ കേരളത്തിന് ഉത്തരവാദിത്ത ടൂറിസം ഗ്ലോബൽ അവാർഡ് - ഉത്തരവാദിത്ത ടൂറിസം മിഷന്റെ വാട്ടർ സ്ട്രീറ്റ് പ്രൊജക്റ്റ്.<br><br>ഇന്ത്യാ ടുഡേ ന്യൂസ് മാഗസിൻ സംഘടിപ്പിച്ച സ്റ്റേറ്റ്സ് സർവ്വേ 2021-ൽ മോസ്റ്റ് ഹാപ്പി സ്റ്റേറ്റ് ആയി കേരളം തെരഞ്ഞെടുക്കപ്പെട്ടു.<br><br>ട്രാവൽ & ലെയ്ഷർ ഇന്ത്യ റീഡേഴ്സ് ചോയ്സ് അവാർഡ് 2022-ബെസ്റ്റ് വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ. |

| | | | |
|---|---|---|---|
| | | | ബുക്കിംഗ് ഡോട്ട് കോം എന്ന ഡിജിറ്റൽ ട്രാവൽ ഏജൻസി പ്രഖ്യാപിച്ച ട്രാവലർ റിവ്യൂ അവാർഡ്സ് 2022-ൽ, മോസ്റ്റ് വെൽക്കമിംഗ് റീജിയൻ എന്ന അംഗീകാരം കേരളത്തിന് ലഭ്യമായി. പ്രസ്തുത പട്ടികയിൽ ഇത് നാലാം തവണയാണ് കേരളം ഒന്നാമതായത്.<br><br>കൊണ്ടെ നെസ്റ്റ് ട്രാവലർ മാഗസിൻ തെരഞ്ഞെടുത്ത ലോകത്തിലെ തന്നെ കണ്ടിരിക്കേണ്ട ആദ്യ 30 വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പട്ടികയിൽ കോട്ടയത്തെ അയ്മനം ഉത്തരവാദിത്ത വിനോദസഞ്ചാര ഗ്രാമം തെരഞ്ഞെടുക്കപ്പെട്ടു.<br><br>ട്രാവൽ ആൻഡ് ലെയ്ഷർ വേൾഡ് വിഷൻ അവാർഡ് 2022-നായി കേരള ഉത്തരവാദിത്ത ടൂറിസം മിഷനെ തെരഞ്ഞെടുത്തു.<br><br>പസഫിക് ഏഷ്യ ട്രാവൽ അസ്സോസിയേഷൻ ഗോൾഡ് അവാർഡ് 2022-ചെയ്ഞ്ച് ഓഫ് എയർ പോസ്റ്റ് കോവിഡ് ക്യാമ്പയിൻ.<br><br>ഇന്ത്യാ ടുഡേ സംഘടിപ്പിച്ച സർവ്വേയിൽ ബെസ്റ്റ് പെർഫോമിംഗ് സ്റ്റേറ്റ് - ടൂറിസം ആയി കേരളം തെരഞ്ഞെടുക്കപ്പെട്ടു. |

സെക്ഷൻ ഓഫീസർ